# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1081 04.02.2019 ൽ മറുപടിക്ക്**

**റോഡ് പുനർനിർമ്മാണം**

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

എ) പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ മിക്ക റോഡുകളും പാലങ്ങളും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രളയത്തെ തുടർന്ന് തകർച്ച സംഭവിച്ച റോഡുകളുടെ കണക്കുകൾ അടിയന്തിരമായി ശേഖരിക്കുകയും അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടവ, ഉപരിതലം പുതുക്കൽ ആവശ്യമായവ, ഡിസൈൻ ചെയ്ത് പുനർ നിർമ്മിക്കേണ്ടവ എന്ന് തരം തിരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ അറ്റകുറ്റപ്പണികൾ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ നോൺപ്ലാൻ ഹെഡിലും ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു.

ഉപരിതലം പുതുക്കൽ ആവശ്യമായ റോഡുകൾക്ക് മുൻഗണനാപ്രകാരം പ്ലാൻ ഹെഡിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിനും അവയുടെ നിർമ്മിക്കേണ്ട റോഡുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുന്നതിനും അവയുടെ ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

പ്രളയത്തിൽ തകർന്ന പാലങ്ങളുടെ അറ്റകുറ്റപ്പണികൾ നോൺപ്ലാൻ ഹെഡിൽ നിന്നും ദുരന്തനിവാരണ ഹെഡിൽ നിന്നും ലഭ്യമായ തുകയും ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. പുനരുദ്ധാരണം, പുനർ നിർമ്മാണം എന്നിവ ആവശ്യമായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന ശംഖുമുഖം-ബീച്ച് റോഡിൽ ഏകദേശം 300 മീറ്റർ റോഡ് തകർന്ന നിലയിലാണ്. കേരള റോഡ് ഫണ്ട് ബോർഡ് റോഡുകളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ **911.75** കോടി രൂപയുടെ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കാര്യമായ നാശം സംഭവിക്കുകയും, സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലെയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 20 കോടി രൂപയിൽ ഓരോ ദേശീയപാത ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ഇവയുടെ സ്ഥായിയായ റിപ്പയറിംഗിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാൻ ഘട്ടം II ലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിന്റെ ഘട്ടം II ലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയപാത 766 ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർ നിർമ്മിക്കുകയുണ്ടായി.

ബി) എത്ര റോഡുകളും പാലങ്ങളുമാണ് മഴവെള്ളപ്പാച്ചിലിൽ ഒലിച്ച് പോയത്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

ബി) ശംഖുമുഖം-ബീച്ച് റോഡിൽ ഏകദേശം 300 മീറ്റർ റോഡ് തകർന്ന നിലയിലാണ്. നിരത്തുകളും പാലങ്ങളും, ദേശീയപാത വിഭാഗങ്ങളുടെ വിശദാംശം **അനുബന്ധം I ആയി ചേർക്കുന്നു.**

സി) റോഡ് പുനർനിർമ്മാണത്തിന് വായ്പ അനുവദിക്കുവാൻ ലോക ബാങ്ക് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

സി) ഇത് സംബന്ധിച്ച് ലോകബാങ്കുമായി ചർച്ച നടന്നു വരുന്നു.

ഡി) സംസ്ഥാനത്ത് റോഡുകളും പാലങ്ങളും തകർന്നതുമൂലം എത്ര കോടി രൂപയുടെ നഷ്ടമാണ് പൊതുമരാമത്ത് വകുപ്പിന് ഉണ്ടായിട്ടുള്ളത്;

ഡി) പ്രളയത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകൾക്ക് 13521.69കോടി രൂപയുടെയും പാലങ്ങൾക്ക് 568.35 കോടി രൂപയുടെയും നാശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന് കീഴിൽ **911.75** കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ

[redacted]

പരിധിയിൽ വരുന്ന ശംഖുമുഖം-ബീച്ച് റോഡിൽ ഏകദേശം 300 മീറ്റർ റോഡ് തകർന്ന നിലയിലാണ്. ഇതിന് ഏകദേശം 42.62 ലക്ഷം രൂപയുടെ നാശനഷ്ടം വരുന്നതായി കണക്കാക്കിയിട്ടുണ്ട്. കെ.എസ്.റ്റി.പി റോഡുകളിൽ ഏകദേശം 13.10 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്.

ഇ) ഇവയുടെ പുനർനിർമ്മിതിയ്ക്കായി വേണ്ടിവരുന്ന കാലതാമസം എത്രയെന്നും ഇതിലേയ്ക്കായി വരുന്ന ചെലവ് എത്രയെന്നും അതിനായി എത്ര തുക അനുവദിച്ചെന്നും ജില്ല, നിയോജകമണ്ഡലം എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

ഇ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ദുരന്തനിവാരണ ഫണ്ടിൽ നിന്നും റോഡുകൾക്ക് 71.25 കോടി രൂപയും പാലങ്ങൾക്ക് 1.85 കോടി രൂപയും അനുവദിച്ചു കിട്ടിയിട്ടുണ്ട്. G.O.(Rt) No. 1842/2018/PWD തീയതി 27.11.2018 പ്രകാരം ബഡ്ജറ്റ് ശീർഷകത്തിൽ 239.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ G.O. (Rt) No. 1978/2018/PWD തീയതി 22.12.2018 പ്രകാരം വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 1191 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിൽ തകർന്ന പ്രധാന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനു യുദ്ധകാലാടിസ്ഥാനത്തിൽ വകുപ്പ് നടപടി സ്വീകരിക്കുകയുണ്ടായി. ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ 4429 കി. മീ റോഡുകൾ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു ഗതാഗതയോഗ്യമാക്കി. കേടു സംഭവിച്ച 650 ൽ അധികം ഓവ് പാലങ്ങൾ കേടുപാടുകൾ സംഭവിച്ച 127 ഓളം പാലങ്ങൾ എന്നിവ കേടുപാടുകൾ തീർത്തു ഗതാഗതയോഗ്യമാക്കി.

സെക്ഷൻ ഓഫീസർ

നിരത്തുകളും പാലങ്ങളും

## ലിസ്റ്റ്

1. തിരുവനന്തപുരം - ഇല്ല
2. കൊല്ലം - ഇല്ല
3. പത്തനംതിട്ട - ഇല്ല
4. ആലപ്പുഴ - ഇല്ല

5. കോട്ടയം - കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ മൂക്കൻപെട്ടി ഏഞ്ചൽവാലി റോഡിൽ ഏഞ്ചൽവാലി കോസ് വേയുടെ അപ്രോച്ച് റോഡ് 15 മീറ്റർ നീളത്തിൽ ഒലിച്ചു പോയിട്ടുണ്ട്. കൂടാതെ ഈ ഭാഗത്തിനോട് ചേർന്ന് വരുന്ന 140 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി ഉൾപ്പെടെ റോഡിന്റെ 1 മീറ്ററോളം വീതിയിൽ ഒലിച്ചു പോയിട്ടുണ്ട്.
6. ഇടുക്കി - മഴവെള്ള പാച്ചിലിൽ ഒലിച്ചുപോന റോഡുകൾ - പൊൻമുടി - വെള്ളത്തൂവൽ റോഡ്, ഇടുക്കി-നേര്യമംഗലം റോഡ്, തള്ളക്കാനം-മങ്കുവ-ചിന്നാർ റോഡ്, വെള്ളത്തൂവൽ- കോന്നത്തടി റോഡ്, തൊടുപുഴ-പുളിയൻമല റോഡ്, പെരിയവരെ പാലം.
7. എറണാകുളം - മൂവാറ്റുപുഴ ഡിവിഷനു കീഴിൽ എം.സി. റോഡിൽ വല്ലം ഭാഗത്ത് 250 മീറ്റർ നീളം റോഡ് ഒലിച്ച് പോയിട്ടുണ്ട്. കൂടാതെ ഊരമന രായമനാട് റോഡിൽ ശിവലി ഭാഗത്ത് 50 മീറ്റർ റോഡും ഒലിച്ച് പോയിട്ടുണ്ട്. പാലങ്ങൾ ഒന്നും ഒലിച്ച് പോയിട്ടില്ല. ചെമ്മായം പാലത്തിന്റേ 4 പിയർ ഒലിച്ചുപോയി. എളവന്തി പാലത്തിന്റേ അപ്രോച്ച് റോഡ് ഒലിച്ചുപോയി. പുതുശ്ശേരി പാലത്തിന്റെ അപ്രോച്ച് റോഡ് ഒലിച്ചുപോയി. മലയാറ്റൂർ- കോടനാട് പാലത്തിന്റേ 1 പിയറിന് കേടുപാട് സംഭവിച്ചു.
8. തൃശ്ശൂർ - തൃശ്ശൂർ ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിനു കീഴിലുള്ള അമ്പഴക്കാട്-ചക്കാംപറമ്പ്-ചള്ളിപ്പടി റോഡിന്റെ 100 മീറ്റർ ഭാഗം പ്രളയത്തിൽ ഒലിച്ചുപോയിട്ടുണ്ട്. പാലങ്ങൾ ഒന്നും തന്നെ ഒലിച്ചു പോയിട്ടില്ല.
9. പാലക്കാട് - മലവെള്ളപ്പാച്ചിലിൽ പാലങ്ങൾ ഒന്നും തന്നെ ഒലിച്ചുപോയില്ല. പട്ടാമ്പി പാലത്തിന്റേ കൈവരികൾ തകർന്നു. നെന്മാറ- നെല്ലിയാമ്പതി റോഡിൽ കി.മീ. 11/400 (കുണ്ടറച്ചോല) കലുങ്ക് ഉരുൾപൊട്ടലിൽ ഒലിച്ചുപോയി. നെന്മാറ നെല്ലിയാമ്പതി റോഡിൽ 5 സ്ഥലങ്ങളിൽ റോഡിന്റെ പകുതി ഭാഗത്തോളം ഒലിച്ചുപോയി. മുതലമട റെയിൽവേ സ്റ്റേഷൻ റോഡിൽ കലുങ്കിന്റെ അപ്രോച്ച് റോഡ് 110 മീറ്ററോളം ഒഴുകിപ്പോയി. മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ മണ്ണാർക്കാട് ചിന്നത്തടാകം റോഡിൽ ചുരം ഭാഗത്ത് 3 സ്ഥലങ്ങളിൽ റോഡ് ഭാഗികമായി തകർന്നു. ആലത്തൂർ മണ്ഡലത്തിൽ വെങ്ങാനൂർ പാലത്തിന്റെ അപ്രോച്ച് റോഡ് ഇരുവശങ്ങളിലുമായി ആകെ 100 മീറ്റർ ഒഴുകിപ്പോയി.
10. മലപ്പുറം - മലപ്പുറം ജില്ലയിൽ മഞ്ചേരി ഡിവിഷന് കീഴിൽ വണ്ടൂർ നിയോജക മണ്ഡലത്തിലെ കി.മീ. 2/000-ൽ ഉള്ള കലുങ്കും അതിന്റെ ഇരുവശങ്ങളിലുമുള്ള റോഡിന്റേ ഭാഗവും ഒലിച്ചു പോയിട്ടുണ്ട്.

KERALA PWD ROADS WING

Amount allotted Constituenywise (in Crores)

| | Non Plan | Plan |
|---|---|---|
| **Roads Division, Thiruvananthapuram** | | |
| Varkala | 5.00 | 3.00 |
| Attingal | 5.00 | 3.00 |
| Chirayinkeezhu | 5.00 | 3.00 |
| Nedumangad | 5.50 | 3.00 |
| Vamanapuram | 5.00 | 3.00 |
| Kazhakkoottam | 3.85 | 3.00 |
| Vattiyoorkavu | 3.37 | 3.00 |
| Thiruvananthapuram | 2.32 | 2.00 |
| Nemom | 2.58 | 2.00 |
| Aruvikkara | 5.00 | 3.00 |
| Parassala | 5.00 | 3.00 |
| Kattakkada | 5.00 | 3.00 |
| Kovalam | 4.00 | 2.00 |
| Neyyattinkara | 3.93 | 3.00 |
| TOTAL | **60.55** | **39.00** |
| **Roads Division, Kollam** | | |
| Karunagappally | 3.00 | 3.00 |
| Chavara | 3.50 | 2.00 |
| Kunnathur | 3.80 | 3.00 |
| Kottarakkara | 4.04 | 3.00 |
| Pathanapuram | 3.50 | 3.00 |
| Punalur | 4.00 | 3.00 |
| Chadayamangalam | 4.65 | 2.00 |
| Kundara | 3.36 | 3.00 |
| Kollam | 3.09 | 2.00 |
| Eravipuram | 2.65 | 2.00 |
| Chathannur | 2.27 | 2.00 |
| **TOTAL** | **37.86** | **28.00** |
| **Roads Division, Pathanamthitta** | | |
| | | |
| Thiruvalla | 6.00 | 12.00 |
| Ranni | 11.00 | 40.00 |
| Aranmula | 10.00 | 40.00 |
| Konni | 4.50 | 6.00 |
| Adoor | 4.50 | 6.00 |
| **TOTAL** | **36.00** | **104.00** |
| **Roads Division, Alappuzha** | | |
| | | |
| Aroor | 5.00 | 4.50 |
| Cherthala | 4.50 | 5.50 |
| Alappuzha | 6.00 | 5.50 |
| Ambalapuzha | 6.00 | 5.50 |
| Kuttanad | 13.00 | 180.00 |
| Haripad | 6.50 | 3.25 |
| Kayamkulam | 4.50 | 3.25 |

Amount allotted Constituenywise (in Crores)

| | Non Plan | Plan |
|---|---|---|
| Mavelikara | 4.50 | 5.75 |
| Chengannur | 6.00 | 22.00 |
| TOTAL | **56.00** | **235.25** |
| **Roads Division, Kottayam** | | |
| Pala | 5.00 | 7.00 |
| Kaduthuruthy | 4.00 | 7.00 |
| Vaikom | 5.00 | 8.00 |
| Ettumanoor | 6.70 | 17.50 |
| Kottayam | 4.50 | 7.00 |
| Puthuppally | 4.50 | 7.00 |
| Changanassery | 3.50 | 6.00 |
| Kanjirappally | 5.00 | 7.00 |
| Poonjar | 5.00 | 7.00 |
| TOTAL | **43.20** | **73.50** |
| **Roads Division, Idukki** | | |
| Devikulam | 10.50 | 60.00 |
| Udumbanchola | 11.00 | 60.00 |
| Thodupuzha | 8.00 | 37.00 |
| Idukki | 10.00 | 60.00 |
| Peerumade | 9.00 | 37.00 |
| **TOTAL** | **48.50** | **254.00** |
| | | |
| **Roads Division, Ernakulam & Muvattupuzha** | | |
| | | |
| Perumbavoor (M) | 5.00 | 7.00 |
| Angamaly (E) | 5.25 | 12.00 |
| Aluva | 4.75 | 12.00 |
| Kalamassery | 3.00 | 5.50 |
| Paravur (E) | 4.00 | 12.00 |
| Vypen (E) | 5.00 | 11.00 |
| Kochi | 3.00 | 4.00 |
| Thripunithura | 4.20 | 6.50 |
| Eranakulam | 3.50 | 3.00 |
| Thrikkakara | 4.30 | 6.00 |
| Kunnathunad (M) | 5.00 | 6.50 |
| Piravom | 5.00 | 6.50 |
| Muvattupuzha (M) | 5.00 | 12.50 |
| Kothamangalam (M) | 5.00 | 12.50 |
| **TOTAL** | **62.00** | **117.00** |
| **Roads Division, Thrissur** | | |
| Chelakkara | 4.78 | 7.00 |
| Kunnamkulam | 4.38 | 10.00 |
| Guruvayoor | 4.60 | 6.50 |
| Manalur | 4.70 | 8.00 |
| Wadakkanchery | 4.50 | 12.00 |
| Ollur | 4.29 | 7.00 |
| Thrissur | 4.00 | 9.00 |

Amount allotted Constituenywise (in Crores)

| | Non Plan | Plan |
|---|---|---|
| Nattika | 4.15 | 8.00 |
| Kaipamangalam | 4.00 | 5.00 |
| Irinjalakkuda | 5.00 | 7.00 |
| Puthukkad | 5.00 | 10.00 |
| Chalakkudy | 9.00 | 37.00 |
| Kodungallur | 4.00 | 10.00 |
| **TOTAL** | **62.40** | **136.50** |
| **Roads Division, Palakkad** | | |
| Thrithala | 4.00 | 9.00 |
| Pattambi | 7.15 | 15.00 |
| Shornur | 4.50 | 7.00 |
| Ottapalam | 5.00 | 9.00 |
| Kongad | 5.00 | 7.00 |
| Mannarkad | 8.50 | 15.00 |
| Malampuzha | 4.00 | 7.00 |
| Palakkad | 4.27 | 8.50 |
| Tarur | 4.00 | 8.00 |
| Chittur | 4.20 | 6.50 |
| Nenmara | 9.00 | 15.00 |
| Alathur | 5.67 | 10.00 |
| **TOTAL** | **65.29** | **117.00** |
| **Roads Division, Malappuram** | | |
| Kondotty | 4.00 | 5.00 |
| Eranad | 4.00 | 4.50 |
| Nilambur | 6.00 | 14.00 |
| Wandoor | 4.00 | 8.00 |
| Manjeri | 3.50 | 3.00 |
| Perinthalmanna | 4.00 | 6.50 |
| Mankada | 4.00 | 3.00 |
| Malappuram | 3.50 | 3.00 |
| Vengara | 3.50 | 3.00 |
| Vallikkunnu | 3.00 | 4.00 |
| Tirurangadi | 3.00 | 8.00 |
| Tanur | 4.65 | 10.00 |
| Tirur | 4.00 | 4.50 |
| Kottakkal | 3.00 | 3.00 |
| Thavanur | 5.50 | 11.00 |
| Ponnani | 5.00 | 12.50 |
| **TOTAL** | **64.65** | **103.00** |
| **Roads Division, Kozhikkode** | | |
| Vadakara | 3.75 | 6.00 |
| Kuttiadi | 4.50 | 8.50 |
| Nadapuram | 5.08 | 13.50 |
| Quilandy | 4.00 | 7.00 |
| Perambra | 4.98 | 13.50 |
| Balusseri | 5.10 | 10.00 |
| Elathur | 3.00 | 5.50 |

Amount allotted Constituency Wise (in Crores)

| | Non Plan | Plan |
|---|---|---|
| Kozhikode North | 1.60 | 2.00 |
| Kozhikode South | 1.60 | 2.00 |
| Beypore | 2.50 | 5.50 |
| Kunnamangalam | 4.92 | 10.50 |
| Koduvally | 5.25 | 13.50 |
| Thiruvambady | 6.00 | 13.50 |
| **TOTAL** | **52.28** | **111.00** |
| **Roads Division, Wayanad** | | |
| Mananthavady | 17.00 | 62.00 |
| Sulthanbathery | 7.00 | 35.00 |
| Kalpetta | 6.80 | 38.00 |
| **TOTAL** | **30.80** | **135.00** |
| **Roads Division, Kannur** | | |
| Payyannur | 5.50 | 8.00 |
| Kalliasseri | 4.00 | 5.00 |
| Taliparamba | 5.00 | 8.00 |
| Irikkur | 5.00 | 10.00 |
| Azhikode | 3.00 | 2.00 |
| Kannur | 3.50 | 3.00 |
| Dharmadam | 5.00 | 10.00 |
| Thalassery | 4.00 | 4.50 |
| Kuthuparamba | 4.55 | 3.00 |
| Mattannur | 6.80 | 5.00 |
| Peravoor | 6.00 | 8.00 |
| | 0.73 | 0.00 |
| **TOTAL** | **53.08** | **66.50** |
| **Roads Division, Kasaragod** | | |
| Manjeshwar | 4.50 | 4.00 |
| Kasaragod | 4.50 | 4.00 |
| Udma | 5.50 | 4.00 |
| Kanhangad | 4.50 | 4.00 |
| Trikaripur | 5.50 | 4.00 |
| **TOTAL** | **24.50** | **20.00** |
| **GRAND TOTAL** | **697.11** | **1539.75** |

| ജില്ല | റോഡിന്റെ നീളം (കി.മി) |
|---|---|
| തിരുവനന്തപുരം | 23.60 |
| കൊല്ലം | 99.85 |
| ആലപ്പുഴ | 45.67 |
| ഇടുക്കി | 37.92 |
| കോട്ടയം | 13.60 |
| എറണാകുളം | 62.62 |
| തൃശ്ശൂർ | 51.95 |
| പാലക്കാട് | 7.24 |
| മലപ്പുറം | 76.56 |
| കോഴിക്കോട് | 59.51 |
| വയനാട് | 17.00 |
| കണ്ണൂർ | 41.00 |
| കാസർഗോഡ് | 44.00 |
| ആകെ | **580.52** |

- ദേശീയപാത വിഭാഗത്തിൽ ഭാഗികമായി തകരാറുകൾ സംഭവിച്ച പാലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | പാലങ്ങളുടെ എണ്ണം |
|---|---|
| ഇടുക്കി | 1.00 |
| കൊല്ലം | 1.00 |
| കാസർഗോഡ് | 1.00 |
| ആകെ | **3.00** |

- റിഹാബിലിറ്റേഷൻ വേണ്ടി വരുന്ന പാലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | പാലങ്ങളുടെ എണ്ണം |
|---|---|
| കൊല്ലം | 2.00 |
| ഇടുക്കി | 4.00 |
| കോട്ടയം | 1.00 |
| എറണാകുളം | 3.00 |
| മലപ്പുറം | 1.00 |
| കോഴിക്കോട് | 1.00 |
| ആകെ | **12.00** |

സെക്ഷൻ ഓഫീസർ